# അസൂയയും അത്യാഗ്രഹവും മത്സരവും

സാക് പുന്നൻ

WFTW 12 ഫെബ്രുവരി 2017

യൂദാ പഴയനിയമത്തിൽ നിന്ന് മൂന്ന് ഉദാഹരണങ്ങൾ നൽകുന്നു  കയിൻ, ബിലെയാം, കോരഹ്.

കയീൻറെ പ്രശ്നം അസൂയ ആയിരുന്നു. അവൻ തൻറെ ഇളയ സഹോദരനോട് അസൂയാലുവായിരുന്നു, ആ സഹോദരൻറെ യാഗത്തെയാണ് അഗ്നി അയച്ച് ദൈവം സ്വീകരിച്ചത്. തൻറെ ജീവിതത്തിലും ശുശ്രൂഷയിലും ദൈവത്തിൽ നിന്ന് ഒരഗ്നിയും അഭിഷേകവും കാണുന്ന ഒരു സഹോദരനോട് നിങ്ങൾ അസൂയാലുവാണോ? ( ഒരു പക്ഷേ നിങ്ങളെക്കാൾ ഇളയ ഒരാളാണെങ്കിൽ). അപ്പോൾ നിങ്ങൾ കയീൻറെ കാൽ ചുവടു പിൻതുടരുകയാണ്. നിങ്ങൾ ആരോടെങ്കിലും അസൂയാലുവാകുമ്പോഴെല്ലാം, അതു തെളിയിക്കുന്നത് നിങ്ങൾ അയാളെ സ്നേഹിക്കുന്നില്ല എന്നാണ്. മൂപ്പന്മാർക്ക് തങ്ങളെക്കാൾ അഭിഷേകം ചെയ്യപ്പെട്ട് അഗ്നിയിൽ ആയി ആത്മീയമായി അഭിവൃദ്ധിപ്പെടുന്ന ഇളയ സഹോദരന്മാരോട് അസൂയാലുക്കളായിരിക്കുവാൻ കഴിയും. നിങ്ങൾ അസൂയാലുആണെങ്കിൽ, നിങ്ങൾ പിശാചുമായി കൂട്ടായ്മയിലാണ്. ദൈവഭക്തനായ ഒരു മനുഷ്യൻ അത്തരത്തിലുള്ള ഒരു ഇളയ സഹോദരനെ പ്രോൽസാഹിപ്പിക്കും. സഭായോഗങ്ങളിൽ അദ്ദേഹം ഇരിക്കുകയും ആ ഇളയ സഹോദരൻ പ്രധാന പ്രാസംഗികൻ ആകുവാൻ അനുവദിക്കുകയും ചെയ്യും.

കോളേജിൽ പോയി ഡിഗ്രി നേടുന്ന ഒരു മകൻ ഉള്ള അഭ്യസ്ഥവിദ്യൻ അല്ലാത്ത കൂലി പണിക്കാരനായ ഒരു പിതാവിൻറെ കാര്യം പരിഗണിക്കുക. ആ പിതാവ് തൻറെ മകൻ ഡിഗ്രി സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതു കാണുവാൻ പോകുന്നു. തൻറെ മകൻ വിദ്യാഭ്യാസപരമായി തന്നെക്കാൾ മുന്നിലായി എന്ന കാരണത്താൽ അവനോട് ഇയാൾ അസൂയാലു ആകുമോ? ഇല്ല. എന്തു കൊണ്ട്? അയാൾ ഒരു പിതാവായതു കൊണ്ട് അയാൾ തൻറെ മകനെ സ്നേഹിക്കുന്നു. ഒരു സഭയിലെ മൂപ്പനായിരിക്കെ നിങ്ങൾ ആരോടെങ്കിലും അസൂയാലുവാണെങ്കിൽ, അതിൻറെ കാരണം നിങ്ങൾ ഒരു പിതാവല്ല എന്നതാണ്. ഒരു യഥാർത്ഥ പിതാവ് തൻറെ മകൻ തളരാതെ പ്രവർത്തിച്ച് ഒരു പി.എച്ച്.ഡി നേടുവാൻ പോലും അവനെ പ്രോൽസാഹിപ്പിക്കും. തങ്ങളുടെ മക്കൾ ഉന്നത വിദ്യാഭ്യാസമുള്ളവരായി കാണുന്നതിൽ സന്തോഷിക്കുന്ന പാവപ്പെട്ട തൊഴിലാളികളെ ഞാൻ കണ്ടിട്ടുണ്ട്! എന്നാൽ അതുപോലെ തൻറെ ഇളയ സഹോദരന്മാരെ മുന്നോട്ടുതള്ളി വിടുവാൻ ആകാംക്ഷയുള്ള മൂപ്പന്മാരെ വളരെ വിരളമായി മാത്രമെ കാണാൻ കഴിയൂ. അതിനുപകരം തങ്ങളുടെ സിംഹാസനങ്ങളിലുരുന്നു കൊണ്ട് അസൂയയുള്ള കണ്ണുകളാൽ, അഭിക്ഷിക്തരായ ചില ഇളയ സഹോദരന്മാരെ, നിരീക്ഷിക്കുന്ന മൂപ്പന്മാരെ ഞാൻ കണ്ടിട്ടുണ്ട്. അവർ തങ്ങളുടെ അധികാരത്തിന് ഭീഷണി ആയി തീരുമോ എന്ന് ഭയപ്പെടുകയും  സാധ്യമായ എല്ലാവിധത്തിലും അവരെ അടിച്ചമർത്തുവാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇന്നത്തെ ക്രൈസ്തവ ഗോളത്തിൽ കാണുന്ന ഏറ്റവും ദുഃഖകരമായ കാര്യം, അവിടെ വളരെ കുറച്ചു പിതാക്കന്മാരെ ഉള്ളൂ എന്നതാണ്. എല്ലാവരും തങ്ങളുടെ സ്വന്തം അന്വേഷിക്കുന്നു. ഒരു യഥാർത്ഥ ദൈവഭക്തൻ, യുവ സഹോദരങ്ങൾ പക്വത പ്രാപിക്കുന്നതും അവരുടെ ശുശ്രൂഷയിൽ തനിക്കുള്ളതിനേക്കാൾ വലിയ ഒരു അഭിഷേകം ഉണ്ടായിരിക്കുന്നതും കാണുന്നതിൽ സന്തോഷിക്കുന്നവനായിരിക്കും. അവർ അത്തരത്തിലുള്ള യുവസഹോദന്മാരെ മുന്നിലേയ്ക്ക് തള്ളിവിട്ട് അവർ പശ്ചാത്തലത്തിലേയ്ക്ക് പിൻവലിയും. നിങ്ങൾക്ക് ദൈവഭക്തനായ ഒരു മൂപ്പനായിരിക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ അതുപോലെ ഒരാളായിരിക്കുക  അസൂയാലുവായ കയീനെപ്പോലെ ഒരുവനല്ല.

യൂദാ ഉദ്ധരിച്ചിരിക്കുന്ന രണ്ടാമത്തെ ഉദാഹരണം ബിലെയാം ആണ്. അയാളുടെ പ്രശ്നം അത്യാഗ്രഹവും ദ്രവ്യാഗ്രഹവും ആണ്, ബിലെയാം അനേകം നല്ല കാര്യങ്ങൾ പ്രസംഗിച്ചു

മശിഹായുടെ വരവിനെക്കുറിച്ചു പോലും ( സംഖ്യാ 24:17 ). എന്നാൽ അയാൾ പണത്തിനു പിന്നാലെ ഓടി കൃത്യമായി ഇന്നതെ മിക്ക പ്രാസംഗികരെപ്പോലെയും പോലെ അവർ അതിയകരമായ സത്യങ്ങൾ പ്രസംഗിക്കുകയും വളരെ അത്യാഗ്രഹികൾ ആയിരിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ള പ്രസംഗകർ ബിലെയാമിൻറെ വഴിയിൽ പോയി കഴിഞ്ഞിരിക്കുന്നു.

മൂന്നാമതായി, യൂദാ കോരഹിനെപ്പറ്റി പറയുന്നു. അയാളുടെ പ്രശ്നം അധികാരത്തോടുള്ള മത്സരമായിരുന്നു. കോരഹ് ഈജിപ്തിൽ ഒരടിമയായി നശിച്ചു പോകാമായിരുന്നു. ദൈവം അവനെ ഇസ്രയേലിൻറെ ഒരു നേതാവാകുവാൻ അനുയോജ്യനായി ഒരിക്കലും കണ്ടില്ല. കോരഹിനെ അടിമത്വത്തിൽ നിന്നു വിടുവിച്ച മോശെയെയാണ് ദൈവം ഉപയോഗിച്ചത്. മോശെ അവനെ പ്രോത്സാഹിപ്പിക്കുകയും ചില നേതൃസ്ഥാനം നൽകുകപോലും ചെയ്തു. എന്നാൽ ഇത് കോരഹിൻറെ തലയ്ക്കു പിടിച്ചിട്ട് അയാൾ മോശെയെ ധിക്കരിക്കുവാൻ തുടങ്ങി. ദൈവം അവനെ എപ്രകാരമാണ് ന്യായം വിധിച്ചതെന്നു കാണുക. ഭൂമി പിളർന്ന് അവനെ വിഴുങ്ങിക്കളഞ്ഞു. കയീൻ തൻറെ ഇളയ സഹോദരനോട് അസൂയാലുവായിരുന്നു. കോരഹ് തന്നെക്കാൾ പ്രാമയുള്ള ഒരു ആത്മീയ നേതാവിനോട് അസൂയാലുവായിരുന്നു. നിങ്ങൾക്കും, നിങ്ങളെ നയിക്കുകയും പോഷിപ്പിക്കുകയും ചെയ്ത ദൈവഭക്തന്മാരായ പുരുഷന്മാരോട്, നിഗളികളും വിധേയപ്പെടാത്തവരും ആയിരിക്കുവാൻ കഴിയും കാരണം നിങ്ങൾ ഇപ്പോൾ ചിന്തിക്കുന്നത് നിങ്ങളും ഒരു ആത്മീയ നേതാവാണെന്നാണ്.
എന്നാൽ ദൈവം യഥാർത്ഥത്തിൽ അഭിഷേകം ചെയ്തവരെ അവിടുന്ന് നീതികരിക്കും. ആ ദിവസം, കോരഹിനെന്നപോലെ, നിങ്ങൾക്കും ഒരു ദുഃഖ ദിനമായിരിക്കും. നിർഭാഗ്യവശാൽ അധികാരത്തോടുള്ള മത്സരം ഇന്ന് ക്രൈസ്തവ ഗോളത്തിൽ വളരെ സാധാരണയായി കണ്ടുവരുന്നു. നാം ഒരിക്കലും ഒരിടത്തും ആത്മീകാധികാരത്തിന് വിരോധമായി മത്സരിക്കരുത്. നിങ്ങൾ ഒരു സഭയുമായി സന്തോഷത്തിലല്ലെങ്കിൽ, അതു വിട്ട് വേറെ എവിടെയെങ്കിലും പോകുക.. എന്നാൽ അവിടെ തുടർന്നു നിന്ന് അവിടുത്തെ നേതൃത്വത്തിന് പ്രശ്നങ്ങളുണ്ടാക്കാതിരിക്കുക.

അല്ലാത്ത പക്ഷം നിങ്ങൾ കോരഹിനെപോലെ അവസാനിക്കും. നിങ്ങൾ ഒരു കൂട്ടവുമായി യോജിക്കുന്നില്ലെങ്കിൽ, അതുവിട്ട് മറ്റെവിടെയെങ്കിലും പോകുക. നിങ്ങൾക്കിഷ്ടമുണ്ടെങ്കിൽ മറ്റൊരു കൂടി വരവ് തുടങ്ങുക, എന്നാൽ ഒരിടത്തും ഒരു മത്സരം ഉണ്ടാക്കരുത്. ഈ മനുഷ്യർ മറഞ്ഞു കിടക്കുന്ന പാറകളാണ് വെള്ളത്തിൻറെ ഉപരിതലത്തിനടിയിൽ മറഞ്ഞു കിടന്ന് കപ്പലുകളെ തകർത്തുകളയുന്ന പാറകൾ. തങ്ങൾക്ക് ആത്മീയവരങ്ങൾ ഉണ്ടെന്നു ജനങ്ങൾ വിചാരിക്കുവാൻ തക്കവണ്ണം അവരെ കബളിപ്പിക്കുന്നു എന്നാൽ അവർ മഴ നൽകുവാൻ കഴിയാത്ത മേഘങ്ങളെ പോലെയാണ് ( യൂദ 1:12).